# CHURCH VOICE

## C.S.I. MATEER MEMORIAL CHURCH

Vol. 16 No. 5 Newsletter May 2018



Your wife will be like a fruitful vine within your house; your children will be like olive shoots around your table
(Psalm 128:3)

# CSI Mateer Memorial Church Committee 2017-18



# CHURCH VOICE

16th year of publication

**MAY 2018**

**CHIEF EDITOR**
Rev. D. Jacob

**EDITOR**
Rev. Rohan P.

**SUB EDITOR**
Mr. Premakumar P. R.



**EDITORIAL BOARD**

Rev. Y. Vijayadas
Rev. N.L. Praveen Raj
Prof. Oliver A. Maison
Adv. Biju Immanuel
Er. Priya Joy
Mr. Suresh Devarajan
Mr. Binil Winfred
Mrs. Nithya Robinson
Er. C. L. Lal



**ADDRESS**

The Chief Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles/Feedback may be sent to

churchvoice@gmail.com
before 15th of every month



Cover Page Designed by
Mr. Arad V. M.

Church Voice can be read online at our website

www.mateermemorialchurch.com

**PRINTED AT**

**GRACE PRINTERS**
**Muttada Ph: 2540523**


## CSI MATEER MEMORIAL CHURCH
## Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (eve of first Sunday) | 07.00 p.m |
| | Fasting Prayer (Second Saturday) | 10.00 a.m |

## Members of the Ad hoc Committee

| Name | Phone No. | Mobile |
|---|---|---|
| Rev. D. Jacob (President) | 2724658 | 9447886139 |
| Rev. Y. Vijayadas (Presbyter) | 2316544 | 9496369672 |
| Rev. N. L. Praveen Raj (Presbyter) | 2316644 | 8547113982 |
| Rev. Rohan P. (Presbyter) | | 9895369500 |
| Prof. Oliver A. Maison (Secretary) | | 9495352829 |
| Adv. Biju Immanuel (Accountant) | | 9895889000 |
| Er. N. Benson | | 9497002145 |
| Mr. Binil Winfred | | 9496588473 |
| Mr. Edward John J. | | 9495666455 |
| Smt. Girly Ansalam | | 9446846457 |
| Mr. Hudson K. | | 9446589715 |
| Er. Jose H. Jones | | 9447698652 |
| Dr. Justin Jose | | 9446466368 |
| Er. C. L. Lal | 2336491 | 9447101223 |
| Er. Priya Joy | | 9645314473 |
| Adv. A. Sagunaraj | 2310016 | 9447657850 |
| Mr. Shajimon K. L. | | 9447239149 |
| Mr. Suresh Devarajan | | 9747311779 |
| **Church Office** | 2311347 | |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

To receive e-churchvoice please whatsapp
'church voice' to 974311779

## From the Editor



# Greetings to you in the name of Jesus !

The rhythm of life is now deepened in the note of sorrow and fear. The instances which occur around compel one to believe so. How one can easily forget the innocent face of the eight year old Asifa Bano, who had been raped, strangled with her own scarf and bashed in the skull with a hard rock? Now we have mastered the habit of politicizing even the swing of human emotions. Apart from solidarity through a virtual platform, organizing a protest in the streets and high sounding words which makes one feel that 'we are with the victim'; for what change do we long for? Instances which are similar, we have seen in many. What had happened in the previous cases repeats now too, sad to note. Judiciary and law makers stand by the side of the criminals and raising voices of advocacy for them; how heinous the scene is? Being in a land, where communal forces and religious fundamentalists gain momentum each second, where do we mark our life's distinctiveness as Christians. We all are in a mission, which had been duly assigned by God to express the meaning of His mission through the lives we lead. Let our worships be God-pleasing and we pray to the Holy Spirit to guide and to lead us in true faith and with an uncompromising commitment towards God. Respond to the ills around and relive the face of what it means to be a 'Christ-like'.

Dear readers, I was deeply amazed by the participation of many who have turned up for the Prakash Sathyan Memorial Short Story Competition. Literature has life, and it has to be enlivened by the generation who keenly watches every turn which occurs around. Situations of life and the things which evolve around us should find spirit and meaning through our writings and I encourage everyone to nurture your talent to pen.Let your imaginations fly and definitely that would one day be a well-noted one.

The Vacation Bible School which was held in our church was a blessing and I congratulate the children, the trainers/teachers and all those were a part of this wonderful move of the church. The children made themselves free from the strenuous academic pressure through which they were undergoing in the past one year. Let this vacation be a fruitful time, where you can dream and plan your future and getting set to work for it. My best wishes to all my young friends who are eagerly waiting to enter into new classes and also for those who are with much excitement joining for various higher levels of academics. Let you all be a success and turn out to be a blessing for many.

*"I believe that in each generation, God has called enough men and women to evangelize all the yet unreached tribes of the earth. It is not God who does not call. It is man who will not respond"* - Isobel Kuhn

I wish you all a blessed May!

In His Service
Rev. Rohan P.

## From the Presbyter's desk



ജലം ജീവാമൃതം . അമൃത് വറ്റിപ്പോയാലോ? ജീവന്റെ നിലനിൽപ്പ് ചോദ്യം ചെയ്യപ്പെടും. അതിനാൽ ലഭ്യമായ ജലം മലിനമാകാതെ സൂക്ഷിക്കാനും പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന ജലം ചോർന്നു പോകാതെ സൂക്ഷിക്കാനും പുതിയ ജലസ്രോതസ്സുകൾ കണ്ടെത്താനും സാധിക്കണം. താമ്രയുഗത്തിൽ തന്നെ മഴവെള്ളം ശേഖരിക്കുന്നതിന് കനാന്യർ കുളങ്ങൾ നിർമ്മിച്ചിരുന്നു. മലനിരകളിലുള്ള ചുണ്ണാമ്പു പാറക്കെട്ടുകളിലെ ഗുഹകൾ പാറയിൽ വെട്ടിയുണ്ടാക്കിയ സംഭരിണികൾ എന്നിവയിൽ അവർ മഴവെള്ളം ശേഖരിച്ചു. മഴ ദൈവകൃപയുടെ സൂചനയാണ്.

ജലം ദൈവത്തിന്റെ ദാനമാണ്. ഭൂമിയിൽ സസ്യങ്ങൾ മുളയ്ക്കുന്നതും മനുഷ്യനും മൃഗത്തിനും ആവശ്യമായ ആഹാരം ലഭ്യമാക്കുന്നതും ദൈവം ആകാശത്തുനിന്ന് പെയ്യിക്കുന്ന മഴയാണ്. ക്ഷാമകാലത്ത് ജലം വിറ്റിരുന്നതും, ജലത്തെ സംബന്ധിച്ച തർക്കങ്ങൾ നിലനിന്നിരുന്നതും ചരിത്രയാഥാർത്ഥ്യമാണ്. ജലം ജീവന്റെ സ്രോതസ്സാണ്. ജീവജലം, ജീവജലനദി മുതലായ പ്രയോഗങ്ങൾ ഉദാഹരണങ്ങൾ മാത്രം. യഹോവ ജീവദാതാവത്രേ! അവിടുത്തെ സന്നിധിയിൽ ജലവും ജീവനുമുണ്ട്. അതായത് ദൈവസന്നിദ്ധ്യമുള്ളിടത്ത് ജലവുമുണ്ട്. ജലദാരിദ്ര്യം കൊടും ശാപം.

ജലദാരിദ്ര്യം, ജലം വിൽക്കൽ, അതിന്റെ പേരിലുള്ള തർക്കങ്ങൾ എന്നിവ പഴമക്കാരുടെ മാത്രം പ്രശ്നമല്ല; ഇന്നിന്റെ യാഥാർത്ഥ്യമാണ്. ദക്ഷിണാഫ്രിക്കയിലെ കേപ്ടൗൺ ജലരഹിതദിനത്തോട് (ഡേ സീറോ) അടുക്കുന്നു. പിന്നീട് പൊതുടാപ്പുകളിലൂടെ മാത്രം ജലവിതരണം. ഒരാൾക്ക് പരമാവധി ഒരു ബക്കറ്റ്. വേനൽ കഠിനമാവുകയും ചൂട് വർദ്ധിക്കുകയും കാലാവസ്ഥ വ്യതിയാനം സംഭവിക്കുകയും ചെയ്യുന്ന കേരളത്തിനും ഡേ സീറോ വിദൂരമല്ല. ജലസംഭരണികളിലെ ജലനിരപ്പ് ഏറ്റവും താണനിലയിലത്രെ. ലോകത്തിൽ ഏറ്റവുമധികം കിണറുകളുള്ള കേരളത്തിൽ പത്തു വർഷത്തിനുള്ളിൽ ജലലഭ്യതയിൽ വൻ കുറവ് സംഭവിച്ചിരിക്കുന്നു. നദികളുടെ സ്ഥിതിയും വ്യത്യസ്തമല്ല. കേരളത്തിൽ നിന്ന് അപ്രത്യക്ഷമായ നദികളാണ് വരട്ടാർ, ഷിറിയ, ഉപ്പള. ഭാരതപ്പുഴ മരണക്കിടക്കയിലാണ്. കക്കാട്, കടലുണ്ടി

*ശേഷം പേജ് 5 -ൽ കാണുക*

## സെക്രട്ടറിയുടെ കത്ത്



കർത്താവിൽ പ്രിയരെ,

മേയ് 1 ലോക തൊഴിലാളിദിനം. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നത് ഉറപ്പാക്കുന്നതിനാണല്ലോ ഈ ദിനം പ്രത്യേകമായി ആചരിക്കപ്പെടുന്നത്. ഈ ദിനത്തിന്റെ പ്രാധാന്യത്തെ ചിന്തിക്കുമ്പോൾ ഏപ്രിൽ 15-ാം തീയതി ഞായറാഴ്ചയുള്ള പ്രസംഗവിഷയം ഓർക്കുന്നു. "പ്രവർത്തനമേഖലയിൽ ഉയർത്തകർത്താവിനെ തിരിച്ചറിയാൻ" ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ പഴയനിയമവേദഭാഗമായ രൂത്ത് 2-ാം അദ്ധ്യായത്തിന്റെ 4-ാം വാക്യം ശ്രദ്ധേയം. ബത്‌ലഹേമിൽനിന്നും തന്റെ കൃഷിസ്ഥലത്തു വന്ന ബോവസ് തന്റെ കൊയ്ത്തുകാരോട് 'യഹോവ നിങ്ങളോടു കൂടെ ഇരിക്കട്ടെ' എന്നു പറഞ്ഞു. 'യഹോവ നിന്നെ അനുഗ്രഹിക്കട്ടെ' എന്നവർ മറുപടിയും കൊടുത്തു. എത്ര ഉദാത്തമായ തൊഴിലാളി- മുതലാളി ബന്ധം. ഈ ഉപചാരവാക്കുകൾ കേൾക്കുമ്പോൾ നമ്മുടെ ആരാധനക്രമത്തിലെ പരസ്പരം പറയുന്ന വാക്കുകളല്ലേ ഓർമ്മവരുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒരു ഉത്തമ വിശ്വാസിയായ ബോവസ് തന്റെ തൊഴിൽ മേഖലയിൽ ജീവിക്കുന്ന ദൈവസാന്നിദ്ധ്യം തിരിച്ചറിയുന്നു. അദ്ധ്വാനത്തെ ദൈവത്തിനു പ്രസാദകരമായ ആരാധനയായി മാറ്റുന്നു.

ക്രൈസ്തവരായ നാം നമ്മുടെ കർമ്മ മേഖലകളിൽ ഉയർത്തെഴുന്നേറ്റ് കർത്താവിനെ തിരിച്ചറിയുകയും ചെയ്യുകയാണെങ്കിൽ നമ്മുടെ ചുമതലകളെ എത്ര വിശ്വസ്തതയോടും കാര്യക്ഷമതയോടും ചെയ്യാൻ കഴിയും. കർമ്മ മേഖലകളിൽ ദൈവത്തെ കാണുമ്പോൾ നമ്മുടെ പ്രവർത്തിയിലൂടെ യേശു ഉയിർത്തെഴുന്നേറ്റു ജീവിക്കുന്നുവെന്ന് ഈ ലോകം അറിയും.

2016 -ലേയും 2017 -ലേയും ക്രിസ്മസ് നാളുകളോടനുബന്ധിച്ച വിവിധ ശുശ്രൂഷകളിൽ അനുഭവിച്ച ദൈവകൃപ അറിയാതെ ഓർത്തുപോകുന്നു.

സഭയുടെ ശുശ്രൂഷയിൽ ഏറ്റവും ഒടുവിലത്തെ ശ്രദ്ധേയമായ പ്രവർത്തനമാണ് 2018 ഏപ്രിൽ ഒന്നാം തീയതി ഉയർപ്പ് ഞായർ ദിനത്തിൽ നടന്ന മിഷനറി പ്രതിഷ്ഠ. ഈ ദിനത്തിൽ 22 മിഷനറിമാരെ പ്രതിഷ്ഠിച്ച് ദൈവവേലക്കു നിയോഗിക്കാൻ സാധിച്ചു. 22-04-2018 -ൽ പ്രതിഷ്ഠിച്ച മൂന്നു മിഷനറിമാർ ഉൾപ്പെടെ 26 പേരെ ദൈവവേലയ്ക്കു നിയോഗിക്കാൻ സാധിച്ചു എന്നത് അത്ഭുതം ഉളവാക്കുന്നു.

ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട സഭാ കമ്മിറ്റി എന്ന

നമ്മുടെ ആവശ്യം നിറവേറ്റുന്നതിനുള്ള സാഹചര്യം ആഗതമായിരിക്കുന്നു. മഹായിടവക പുറപ്പെടുവിച്ച തിരഞ്ഞെടുപ്പ് വിജ്ഞാപനം അനുസരിച്ച് ഈ മാസം 6-ാം തീയതി സഭാതെരഞ്ഞെടുപ്പു നടക്കുന്നു. തെരഞ്ഞെടുപ്പു നടപടികൾ സുഗമമായും സൗഹൃദപരമായും നടക്കുന്നതിനും ക്രിസ്തുശരീരമായ സഭക്കു അനുയോജ്യമായ സഭാകമ്മിറ്റി നിലവിൽ വരാനും നമുക്കു പ്രാർത്ഥിക്കാം.

ഒരു അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്ത കാര്യങ്ങളെ തിരിഞ്ഞുനോക്കുമ്പോൾ അനല്പമായ സന്തോഷമുണ്ട്.

കഴിഞ്ഞ രണ്ടുവർഷക്കാലവും ഞങ്ങളുടെ ശുശ്രൂഷയെ പ്രാർത്ഥനയാലും സഹകരണത്താലും കൈതാങ്ങിയ സഹവിശ്വാസികൾക്ക് ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. കരംപിടിച്ചു നടത്തിയ സഭയുടെ നാഥനായ ദൈവത്തിനു സ്തുതി അർപ്പിക്കുന്നു.

സ്നേഹപൂർവ്വം,

**പ്രൊഫ. ഒളിവർ എ. മെയിസൻ**

സെക്രട്ടറി

---

*പേജ് 3 - ൽ നിന്നും തുടർച്ച...*

എന്നീ നദികളും മരണനിഴലിൻ താഴ്‌വരയിലാണ്. പൊതുവിൽ എല്ലാ നദികളിലും നീരൊഴുക്ക് കുറഞ്ഞു തുടങ്ങി. ലഭ്യമായ ജലത്തിന്റെ അവസ്ഥയോ? 26.9 ശതമാനം ജലം പൂർണ്ണമായി മാലിന്യം നിറഞ്ഞതാണ്. ഖരമാലിന്യം, ദ്രവമാലിന്യം, ഗാർഹിക മാലിന്യം, കയ്യേറ്റം മുതലായവ പ്രധാന മലിനീകരണ സ്രോതസ്സുകളാണ്.

ജീവന്റെ ഉറവ വറ്റിക്കൂടാ. ദാതാവിന്റെ കരുണകൂടിയേ തീരൂ. അതോടൊപ്പം, ജലം പാഴാക്കരുത്, ഒരു തുള്ളിപേലും; ദുരുപയോഗവും അരുത്. സംഭരണികൾ വർദ്ധിക്കട്ടെ. ജലം മലിനമാക്കാതിരിക്കുകയും ചെയ്യാം. വറ്റിയ കിണർ കാണുമ്പോഴാണ് വെള്ളത്തിന്റെ വിലയെത്രയെന്ന് ബോദ്ധ്യമാകുന്നത് എന്ന് ബഞ്ചമിൻ ഫ്രാങ്ക്ളിൻ. വരണ്ട തോടിനെ നോക്കി വിലപിക്കുകയല്ല, ഉണർന്ന് എഴുന്നേറ്റ് കർമ്മ നിരതരാകാം. തലമുറകളോടുള്ള നീതി നിറവേറ്റാം.

എല്ലാവർക്കും നന്മയുണ്ടാകട്ടെ.

സ്നേഹാദരങ്ങളോടെ,

**ജേക്കബച്ചൻ**

# ദൈവാത്മ ആവാസം നമ്മുടെ പ്രവൃത്തിമേഖലയിൽ



ഡോ. ക്രിസ്റ്റൻസൺ ഇ. സാരസം

പരിശുദ്ധാത്മാവിന്റെ വരവിനെ പ്രഘോഷിക്കുന്ന പെന്തെക്കോസ്തു നാളിനെ ക്രിസ്തീയ സഭ സ്മരിക്കുന്നതും ആഘോഷിക്കുന്നതും ഉയിർപ്പിന് ശേഷം അൻപതാം നാൾ ഉൾപ്പെടുന്ന ഈ മാസത്തിലാണല്ലോ. പ്രപഞ്ചസൃഷ്ടിയിലും (ഉല്പത്തി 1:2), ലോകാരംഭം മുതൽ അനേകായിരം ഭക്തന്മാരെ ശക്തിപ്പെടുത്തുകയും (പുറപ്പാട് 3:2), കർത്താവ് പരസ്യ ശുശ്രൂഷ ആരംഭിക്കുമ്പോൾ സ്നാനസമയം യേശുവിൽ ആവസിക്കുകയും (മത്താ. 3:16) ചെയ്ത പരിശുദ്ധാത്മാവിനെ തന്നെയാണ് ക്രിസ്തീയവിശ്വാസിക്കും ദൈവം ലഭ്യമാക്കുന്നത്. ഉയിർത്തെഴുന്നേറ്റ് ജീവിക്കുന്ന യേശുവിൽ വിശ്വസിക്കുന്നവർക്ക് മാത്രമേ ഈ ദാനം ലഭിക്കൂ.

ഉയിർപ്പിന്റെ സാക്ഷികളാകുന്നവർക്ക് ദൈവം കൊടുക്കുന്ന സഹായകനാണ് ആശ്വാസപ്രദനായ പരിശുദ്ധാത്മാവ്. മനുഷ്യന്റെ ആത്മീയവും മാനസീകവുമായ പരിവർത്തനത്തിനും വളർച്ചക്കും പ്രധാന പങ്ക് വഹിക്കുന്ന അദൃശ്യ ആളത്വമാണ് പരിശുദ്ധാത്മാവ്. "ആത്മാവിനെ അനുസരിച്ചു നടന്നാൽ" കൺമോഹം, ജഡമോഹം ജീവനത്തിന്റെ പ്രതാപം എന്നീ പാപങ്ങളിൽ നാം വീണുപോകയില്ല. മക്കളെ ദൈവബോധനത്തിൽ വളർത്താൻ ആഗ്രഹിക്കുന്ന മാതാപിതാക്കൾക്കും, ഇടവകയിൽ പ്രവർത്തിക്കുന്ന പട്ടക്കാരനും സുവിശേഷ ദൂത് വാഹകനും സമൂഹത്തിൽ പ്രവർത്തിക്കുന്ന സാമൂഹ്യ പ്രവർത്തകനും എല്ലാം ദൈവാത്മാവിന്റെ സഹായം ആവശ്യമാണ്.

പരിശുദ്ധാത്മ സംബന്ധമായി രണ്ടു തരം അനുഭവങ്ങളെപ്പറ്റി പൗലൊസ് അപ്പോസ്തലൻ തിരുവചനത്തിൽ വിവരിച്ചിരിക്കുന്നു. ഒന്ന്: ആത്മാവിന്റെ വരങ്ങൾ "ജ്ഞാനം, പരിജ്ഞാനം, രോഗശാന്തിവരം, വീര്യപ്രവർത്തികൾ, ആത്മാക്കളുടെ വിവേചനം, വിവധഭാഷകൾ, ഭാഷകളുടെ വ്യാഖ്യാനം (1 കൊരി 12:4-10). രണ്ട്: ആത്മാവിന്റെ ഫലമോ: "സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകരാം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം" ഈ വകയ്ക്ക് വിരോധമായി യാതൊരു ന്യായപ്രമാണവുമില്ല (ഗലാത്യർ 5:22). പലർക്കും ഒന്നോ, അധികമോ കൃപാവരങ്ങൾ ലഭിച്ചേക്കാം. എന്നാൽ, ആത്മാവിന്റെ ഫലം എല്ലാവർക്കും ഉണ്ടായിരിക്കേണം. ആത്മഫലം ഇല്ലാത്തവരിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഇല്ല എന്നു സാരം. നമ്മുടെ ജീവിതം ആത്മഫലം പുറപ്പെടുവിക്കുന്നുണ്ടോ? പരീക്ഷകളെ നേരിടാൻ പരിശുദ്ധാത്മാവ് നമുക്ക് കരുത്തേകുന്നു. കർത്താവായ യേശുവും പരീക്ഷകൾ നേരിട്ടിരുന്നു. പക്ഷേ, കർത്താവ് പരാജയപ്പെട്ടില്ല; പരിശുദ്ധാത്മസഹായത്താൽ

അതെല്ലാം അതിജീവിച്ചു വിജയിച്ചു. ഉപവാസത്തിനും പ്രാർത്ഥനയ്ക്കുമായി യേശു മണലാരണ്യത്തിൽ പോയി. അപ്പോൾ പരീക്ഷകനായി സാത്താനും സഹചാരിയായി വന്നു (മത്താ. 4:3). കർത്താവിനെ പരീക്ഷകളുമായി സമീപിക്കുവാൻ ധൈര്യപ്പെട്ട പിശാച് നമ്മെയും പരീക്ഷിക്കുവാൻ സദാസമയം ഒരുമ്പെടുന്നു (1പത്രൊ. 5:8). ഹവ്വയെ അനുസരണക്കേടിലേക്ക് നയിക്കുവാനും (ഉല്പത്തി 3:4), ഇയ്യോബിനെ പരീക്ഷിക്കുവാനും (ഇയ്യോബ് 2:7) സാത്താൻ വന്നതായി തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. നമ്മെ സഹായിക്കുവാൻ പരിശുദ്ധാത്മാവ് എപ്പോഴും നമ്മുടെ സമീപത്തുണ്ട് (യോഹന്നാൻ 14:16). പുനരുദ്ധാനം ചെയ്ത യേശുവിനെ വിശ്വസിച്ചു ആശ്രയിക്കുമ്പോൾ, പരിശുദ്ധാത്മാവിന്റെ സഹായം നമുക്ക് ലഭിക്കും; തിന്മയിൽ വീഴാതെ നന്മയുടെ പാതയിൽ ദൈവാത്മാവു നമ്മെ തിരിച്ചുവിടും.

വേദപുസ്തകപ്രകാരം, മനുഷ്യജാതി രണ്ട് വ്യക്തികളുടെ സ്വഭാവക്കാരും പിൻതുടർച്ചക്കാരുമാണ്: (1) ആദാമിന്റെ മക്കളും (2) യേശുക്രിസ്തുവിലൂടെ പുതുജനനം പ്രാപിച്ചവരും. ദൈവസംസർഗ്ഗം ഉപേക്ഷിച്ചു ജീവിച്ച ആദാമിന്റെ പിന്തലമുറകളും ദൈവസംസർഗ്ഗം ഇല്ലാത്തവരായിത്തീർന്നു. അവരെ പുനരധിവസിപ്പിക്കാൻ ജീവിപ്പിക്കുന്ന ആത്മാവായി യേശു ഇന്ന് നമ്മിൽ വസിക്കുന്നു. തന്മൂലം, ആദാം നഷ്ടപ്പെടുത്തിയ ഉന്നത പദവിയേല്ക്ക് കൃപയാൽ നാം പ്രവേശിച്ചിരിക്കുന്നു. “കർത്താവിന്റെ ആത്മാവുള്ളടത്ത് സ്വാതന്ത്ര്യം ഉണ്ട്” (2 കൊരി 3:17).

ഡോക്ടർ സോമർവെൽ ഒരിക്കൽ ഒരു കുഷ്ഠരോഗാശുപത്രി സന്ദർശിക്കാനെത്തി. ചുറ്റും കൂടിയ രോഗികളിൽ രണ്ടുപേരുടെ തോളിൽ ഇരുകൈകളും വച്ചു കൊണ്ട് ആശുപത്രിയുടെ വരാന്തയിലൂടെ നടന്നത് കണ്ടപ്പോൾ, യേശുവിലുണ്ടായിരുന്ന ആത്മാവുതന്നെ അദ്ദേഹത്തിനുമുണ്ടെന്ന് നോക്കിനിന്നവരെല്ലാവരും നേരിൽ കണ്ടറിഞ്ഞു ദൈവത്തെ സ്തുതിച്ചു. നാം പരിശുദ്ധാത്മാവിനെ പ്രാപിച്ചിരിക്കുന്നുവോ? എന്താണ് നമ്മുടെ സാക്ഷ്യം?

“എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തിലഭിച്ചിട്ട് യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു” (അപ്പൊ. 1:8). നിന്റെ കൈകളുടെ അദ്ധ്വാനഫലം നീ തിന്നും; നീ ഭാഗ്യവാൻ നിനക്കു നന്മ വരും” (സങ്കീ. 128:1,2). ഇത് “യഹോവയെ ഭയപ്പെട്ടു അവന്റെ വഴികളിൽ നടക്കുന്ന ഏവനും” നല്കപ്പെട്ടിരിക്കുന്ന ഭാഗ്യകരമായ വാഗ്ദത്തമാണ്.

തൊഴിൽ രംഗങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിനും ലോകവ്യാപകമായ ജനശ്രദ്ധ ആകർഷിക്കുന്നതിനും മെയ്ദിനത്തിന് കഴിഞ്ഞിട്ടുണ്ട്. അവകാശവാദങ്ങൾ ഉന്നയിച്ചു തൊഴിൽ രംഗത്തെ മലീനമസമാക്കിത്തീർത്ത ചരിത്രവും നമ്മുടെ മുന്നിലുണ്ട്. കഠിനാധ്വാനത്തിലൂടെ മാത്രമേ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കൂ. ജോലി ചെയ്യാത്തവന് ഭക്ഷണത്തിന് അവകാശമില്ല

എന്നത് ന്യായമായ ഒരു തിരിച്ചറിവാണ്. തൊഴിലിൽ നൂറു ശതമാനം ആത്മാർത്ഥത ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നു. "പണി ചെയ്യുകയുമില്ല; പണി ചെയ്യാൻ സമ്മതിക്കുകയുമില്ല" ഈ പ്രവണത ഇക്കാലത്ത് വളരെ ദോഷം ചെയ്തുവരുന്നു. കർത്താവേ, എന്റെ ജോലിഭാരം കുറച്ചുതരണം എന്നല്ല, മറിച്ച് കർത്താവേ, എന്റെ ജോലിഭാരത്തെ നേരിടാൻ ആവശ്യമായ ശക്തി എനിക്കു തരണേ എന്നായിരിക്കേണം നമ്മുടെ പ്രാർത്ഥന.

പുതിയനിയമത്തിലെ മോശയും, ഗിദെയോനും, നെഹെമ്യാവും പുതിയനിയമത്തിലെ പൗലൊസും ജോലിപ്രിയരായിരുന്നു; അധ്വാനശീലരായിരുന്നു. "എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയായവൻ (ഫിലി. 4:13) എന്ന വിശ്വാസത്തോടെ നാം നമ്മുടെ തൊഴിലുകളിൽ പ്രവൃത്തികളിൽ (വെളി 2:19) ഏർപ്പെടണം. തൊഴിൽ മേഖലകളിൽ ഉയർന്നുവരുന്ന പ്രതിസന്ധികൾ കണ്ടു പിൻമാറരുത്. വെല്ലുവിളികൾ ഏറ്റെടുക്കുക. "ദൈവത്തിൽ നിന്നു വൻകാര്യങ്ങൾ പ്രതീക്ഷിക്കുക; ദൈവത്തിനുവേണ്ടി വൻ കാര്യങ്ങൾ ചെയ്യുക" എന്ന പ്രസിദ്ധനായ വില്യം കേറിയുടെ ആത്മീക ദർശനം പ്രാപിക്കാൻ തൊഴിൽദിന ആചാര ആഘോഷ സ്മരണകൾ നമുക്ക് പ്രചോദനം നൽകട്ടെ.

ആദിയിൽ വെള്ളത്തിന്മീതെ പരിവർത്തിച്ചുകൊണ്ടിരുന്ന ദൈവാത്മാവ് മനുഷ്യരിലൂടെ പ്രവർത്തിച്ച ചരിത്രം വേദപുസ്തകത്തിൽ കാണുന്നു. പ്രവാചകന്മാരും അപ്പോസ്തലന്മാരും ആത്മശക്തി അനുഭവിച്ചു തങ്ങളുടെ തൊഴിലുകൾ (ദൗത്യങ്ങൾ) നിറവേറ്റി. നമുക്കും ഈ പാത പിന്തുടരാം. മെയ് ദിനത്തെ (തൊഴിലാളി ദിനത്തെ) ഓർമ്മപ്പെടുത്തിക്കൊണ്ടാണ് ഈ മാസം ആരംഭിക്കുന്നത്. ദൈവത്തോട് അനുസരണക്കേട് കാണിച്ച് പാപത്തിൽ വീണ മനുഷ്യനു ശപിക്കപ്പെട്ട ഭൂമിയിലെ വാസത്തിൽ "നിന്റെ ആയുഷ്ക്കാലമൊക്കെയും നീ കഷ്ടതയോടെ  അതിൽ നിന്നു അഹോവൃത്തി കഴിക്കും. "നിലത്തിൽ തിരികെ ചേരുവോളം മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും. "(ഉല്പ. 3:17, 19). എന്നീ വാഗ്ദത്തങ്ങളാണ് ദൈവം സമ്മാനിച്ചത്. മോശെയിലൂടെ "ദൈവം അരുളിച്ചെയ്തു:....." ആറ് ദിവസം അധ്വാനിച്ചു നിന്റെ വേലയൊക്കെയും ചെയ്ക (പുറപ്പാട് 20:9). ജോലി, തൊഴിൽ, വേല, പ്രവൃത്തി - ഇതൊക്കെ ജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. "എല്ല് മുറിയെ ജോലി ചെയ്താൽ പല്ല് മുറിയെ തിന്നാം" എന്ന പഴമൊഴി നമ്മുടെ ഓർമ്മയിലുണ്ട്. "കുറച്ച് ജോലി, കൂടുതൽ വേതനം" ഇതാണ് ഇന്നത്തെ തൊഴിലാളികളുടെ പൊതുവായ മനോഭാവം "വേലയിൽ മടിയനായവൻ മുടിയന്റെ സഹോദരൻ" (സദൃശ്യ. 18:9). ജോലി ചെയ്യാതെ ജീവിക്കാൻ വകയുണ്ടെങ്കിൽ എത്ര നല്ലതായിരുന്നുവെന്ന് ചിന്തിക്കുന്നവരുണ്ട്. എന്നാൽ അധ്വാനം മാത്രം ജീവിതവൃത്തിയായി കാണുന്നവരുമുണ്ട്. ജോലി ചെയ്യുമ്പോൾ കിട്ടുന്ന സംതൃപ്തിയും സന്തോഷവും ശരീരത്തിന്റെയും

*ശേഷം പേജ് 15 -ൽ കാണുക*

# പെന്തക്കോസ്ത്



ബെഞ്ചമിൻ മോസസ്

2018 മെയ് 20 ഞായർ ക്രൈസ്തവ സഭകൾ പെന്തെക്കോസ്തു ഞായറായി ആചരിക്കുന്നു. യഹൂദന്മാരുടെ മൂന്നു വാർഷീക മഹോത്സവങ്ങളിൽ രണ്ടാമത്തേതാണ് പെന്തെക്കോസ്ത് ഉത്സവം. മറ്റു രണ്ടു മഹോത്സവങ്ങളാണ് പെസഹയും കൂടാരപെരുന്നാളും. പെന്തെക്കോസ്തു പെരുന്നാൾ മൂന്നുപേരുകളിൽ അറിയപ്പെട്ടിരുന്നു. 1. വാരോൽസവം: പെസഹകഴിഞ്ഞ് അൻപതാം ദിവസത്തിലാണ് ഈ പെരുന്നാൾ ആഘോഷം. അതിനാൽ അമ്പതാം ദിവസത്തിലാണ് ഈ പെരുന്നാൾ ആഘോഷം അതിനാൽ അമ്പതാം ദിവസം എന്നർത്ഥം വരുന്ന പെന്തെക്കോസ്ത് എന്ന പേർ ഉത്സവത്തിനു ലഭിച്ചു. കൊയ്ത്തു പെരുന്നാൾ, ആദ്യഫലദിവസം എന്നിവയാണ് മറ്റുപേരുകൾ.

യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിനു ശേഷമുള്ള പെന്തെക്കോസ്തു പെരുന്നാൾ ദിവസം ശിഷ്യന്മാർ എല്ലാവരും ദേവാലയത്തിൽ നടക്കുന്ന പെന്തെക്കോസ്തു പെരുന്നാളിൽ സംബന്ധിക്കാതെ തൊട്ടടുത്ത് ഒരു വീട്ടിൽ ഒന്നിച്ചുകൂടി (അ.പ്ര.2:1). അന്നു ഉയിർത്തെഴുന്നേറ്റ യേശു ശിഷ്യന്മാർക്കു വാഗ്ദാനം ചെയ്ത പരിശുദ്ധാത്മ സ്നാനം അവർക്കു ലഭിച്ചു. ആ പെന്തെക്കോസ്തു നാൾ പുതിയനിയമ സഭയുടെ ജന്മദിനമായിരുന്നു അതിനുമുമ്പും ഇന്നും യഹൂദന്മാർ പെന്തെക്കോസ്തു പെരുന്നാൾ ആഘോഷിക്കുന്നു. അവരിൽ ഭൂരിപക്ഷത്തിനും ഇന്നും ക്രിസ്തുവിന്റെ സഭയെ അംഗീകരിക്കുവാൻ കഴിയുന്നില്ല.

പെന്തെക്കോസ്തു നാളിൽ പരിശുദ്ധാത്മാവ് യെരുശലേമിൽവച്ച് യേശുവിന്റെ ശിഷ്യന്മാരിൽ പകരുകയും സഭ സ്ഥാപിതമാകുകയും ചെയ്തുവെങ്കിലും അത് പെന്തെക്കോസ്തു സഭയെന്നല്ല അറിയപ്പെട്ടത് പ്രത്യുത യെരുശലേമിലെ സഭ എന്നാണ് (അ.പ്ര.8:1). യെരുശലേമിലെ സഭയ്ക്ക് വലിയ ഉപദ്രവം ഉണ്ടായത് യേശുവിനോടും പരിശുദ്ധാത്മാവിനോടും മറുത്തു നിന്ന അബ്രഹാമിന്റെ സന്തതികളിൽ നിന്നുമായിരുന്നു. വേദപുസ്തകത്തിൽ പ്രത്യേകിച്ച് അപ്പൊസ്തലപ്രവൃത്തികൾ തുടങ്ങി വെളിപ്പാടുപുസ്തകം വരെ പെന്തെക്കോസ്തു സഭകളെക്കുറിച്ചോ പെന്തെക്കോസ്തുകാരെക്കുറിച്ചോ യാതൊരു സൂചനയുമില്ല. കാരണം പുതിയ നിയമ സഭ, യേശുക്രിസ്തുവിന്റെ രക്തത്താൽ വിലെയ്ക്കു വാങ്ങപ്പെട്ടവരുടെയും പരിശുദ്ധാത്മസ്നാനം പ്രാപി

ച്ചവരുടെയും സമൂഹമാണ്. അതായത് ക്രിസ്തുമാർഗ്ഗത്തിൽ പ്രാരംഭദിശയിൽ മൂന്നു നൂറ്റാണ്ട് പെന്തെക്കോസ്ത് സഭകൾ- അല്ലാത്ത സഭകൾ എന്നിങ്ങനെ ഒരു വേർതിരിവില്ലായിരുന്നു. കാരണം ക്രിസ്തുമാർഗ്ഗക്കാർ എല്ലാവരും പരിശുദ്ധാത്മ സ്നാനം പ്രാപിച്ചവരായിരുന്നു.

**പരിശുദ്ധാത്മ സ്നാനം**

യേശുവിനെ സ്നാനപ്പെടുത്തിയ സ്നാപക യോഹന്നാൻ ഇപ്രകാരം വിളിച്ചു പറഞ്ഞു: വെള്ളത്തിൽ സ്നാനം കഴിപ്പിക്കുവാൻ എന്നെ അയച്ചവൻ (പിതാവായ ദൈവം) എന്നോട്: ആരുടെമേൽ ആത്മാവ് ഇറങ്ങുന്നതും വസിക്കുന്നതും കാണുമോ അവൻ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കുന്നവൻ ആകുന്നു എന്നു പറഞ്ഞു (യോഹ.1:33). ശിഷ്യന്മാരോടുള്ള യേശുവിന്റെ വിടവാങ്ങൽ സന്ദേശത്തിൽ ഇപ്രകാരം പറഞ്ഞു ഞാൻ നിങ്ങളോട് സത്യം പറയുന്നു, ഞാൻ പോകുന്നത് നിങ്ങൾക്കു പ്രയോജനം ഞാൻ പോകാഞ്ഞാൽ സത്യത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ അയയ്ക്കും. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും (യോഹ.16:7,8). ഇന്നത്തെ തലമുറയ്ക്ക് പാപവും നീതിയും ന്യായവിധിയും ഒഴികെ മറ്റെല്ലാ കാര്യങ്ങളെക്കുറിച്ചും നല്ല ബോധമില്ലേ? നമ്മുടെ ജീവിതത്തിൽ ആത്മാവ് ഉണ്ടെന്നു പറകയും ഈ മൂന്നു യാഥാർത്ഥ്യങ്ങളെക്കുറിച്ച് ബോധമില്ലാതെ ജീവിക്കുന്നുവെങ്കിൽ പരിശുദ്ധാത്മാവ് നമ്മിൽ ഇല്ല എന്ന് സമ്മതിക്കുകയും പരിശുദ്ധാത്മ സ്നാനം പ്രാപിക്കുകയും വേണം.

സ്വർഗ്ഗാരോഹണത്തിനു തൊട്ടുമുമ്പ് യേശു ശിഷ്യന്മാരോട് നിങ്ങൾ യെരുശലേമിൽ നിന്നു വാങ്ങിപ്പോകാതെ എന്നോട് കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കേണം...നിങ്ങൾക്കോ ഏറിയനാൾ കഴിയും മുമ്പേ പരിശുദ്ധാത്മ സ്നാനം ലഭിക്കും എന്നു കൽപ്പിച്ചു (അ.പ്ര.1:5). പെന്തെക്കോസ്തു നാളിൽ ശിഷ്യന്മാർ കൂടിയിരുന്ന വീട്ടിൽ വച്ച് അവർക്ക് പരിശുദ്ധാത്മ സ്നാനം ലഭിച്ചു. അതിന്റെ അനന്തര ഫലം എന്തായിരുന്നു. അവർ ഉല്ലാസത്തോടും ഹൃദയപരമാർത്ഥതയോടും ദൈവത്തെ സ്തുതിക്കുകയും പരസ്പരം അവനവന് ആവശ്യം ഉള്ളതുപോലെ നന്മകൾ പങ്കിടുകയും യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിനു സാക്ഷ്യം പറകയും ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു ജനത്തോട് മാനസാന്തരപ്പെടുവാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. ഇതാണ് പരിശുദ്ധാത്മ സ്നാനം പ്രാപിച്ച വ്യക്തിയുടെ വിശേഷത. ഇങ്ങനെയുള്ള വ്യക്തികളുടെ സമൂഹമാണ് യഥാർത്ഥ സഭ.

### പത്രൊസും പരിശുദ്ധാത്മ സ്നാനവും

പരിശുദ്ധാത്മ സ്നാനം പ്രാപിച്ച പത്രൊസ് ദൈവനിയോഗത്താൽ കൊർന്നെല്ല്യോസ് എന്ന ശതാധിപന്റെ വീട്ടിൽ സുവിശേഷം അറിയിച്ചു. പത്രൊസ് വചനം സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ആ വീട്ടിൽ വചനം കേട്ട എല്ലാവരും പരിശുദ്ധാത്മസ്നാനം പ്രാപിച്ചു. അതിനെക്കുറിച്ചുള്ള പത്രൊസിന്റെ വിവരണം നമുക്കു ശ്രദ്ധിക്കാം. ഞാൻ സംസാരിച്ചു തുടങ്ങിയപ്പോഴേക്കും പരിശുദ്ധാത്മാവ് കൊണ്ട് സ്നാനം ലഭിക്കുമെന്നു കർത്താവ് പറഞ്ഞവാക്ക് ഓർത്തു (അ.പ്ര.11:15,16).

പരിശുദ്ധാത്മസ്നാനത്തിൽ നമ്മുടെ മനസ്സാക്ഷി ശുദ്ധീകരിക്കപ്പെടുകയും പരിശുദ്ധാത്മാവ് നമ്മിൽ വസിക്കുവാൻ ഇടയാകുകയും ചെയ്യും (അ.പ്ര. 15:8,9).പരിശുദ്ധാത്മാവ് നമ്മുടെ ശരീരത്തിലൂടെ ഒഴുകുന്ന ഒരു ശക്തിയല്ല. നമ്മുടെ ഉള്ളിൽ വാസം ചെയ്തുകൊണ്ട് പിതാവിന്റെ ഇഷ്ടം ചെയ്യുവാൻ പ്രാപ്തനാക്കുന്ന സർവ്വശക്തനും സർവ്വവ്യാപിയും സർവ്വജ്ഞാനിയും നിത്യനുമായ ദൈവമാണ്.

### പൗലൊസും പരിശുദ്ധാത്മസ്നാനവും

പരിശുദ്ധാത്മവിനെക്കുറിച്ച് ആധികാരികമായി വളരെ വസ്തുതകൾ പൗലൊസ് അപ്പൊസത്ലൻ സഭയ്ക്കു നൽകിയിരിക്കുന്നു. പരിശുദ്ധാത്മസ്നാനത്തെക്കുറിച്ച് പൗലൊസ് എഴുതിയിരിക്കുന്നത് ശ്രദ്ധിക്കാം: യെഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകേണ്ടതിന് ഒരേ ആത്മാവിനാൽ സ്നാനം ഏറ്റു (1കൊരി12:13). സ്നാനത്താൽ യേശുവിനോട് ചേർന്ന വ്യക്തി പരിശുദ്ധാത്മസ്നാനത്താൽ ക്രിസ്തു തലയായിരിക്കുന്ന അവന്റെ ശരീരമായ സഭയിലെ ഒരവയവമായിത്തീരുന്നു. ഒരു ശരീരത്തിലെ അവയവങ്ങൾ എല്ലാം തന്നെ തലയ്ക്കു വിധേയപ്പെട്ടും പരസ്പരം യോജിച്ചും സഹായിച്ചും പ്രവർത്തിക്കുന്നതുപോലെ ഓരോ ശിഷ്യനും അവൻ തന്നിൽ തന്നെ ശുശ്രൂഷയിൽ പൂർണ്ണതയുള്ളവനല്ല എന്ന് തിരിച്ചറിഞ്ഞു മറ്റു ശിഷ്യന്മാരുടെ ശുശ്രൂഷകളെയും സ്നേഹിക്കുവാനും ഉൾക്കൊള്ളുവാനും അവയ്ക്കു വിധേയപ്പെടുവാനും പ്രാപ്തനാക്കുന്നതാണ് പരിശുദ്ധാത്മസ്നാനം. ഇവിടെ ഞാൻ എന്ന ഭാവം അസ്ഥാനത്താകുകയും ഞങ്ങൾ എന്ന മനോഭാവം ശക്തിപ്പെടുകയും ചെയ്യുന്നു. ഒരു ശിഷ്യൻ ആത്മാവിന്റെ ഫലത്തിൽ പൂർണ്ണനായിരിക്കണമെങ്കിലും ശുശ്രൂഷകളിൽ പൂർണ്ണനായിരിക്കയില്ല. എല്ലാ ശിഷ്യന്മാരിലും ആത്മാവിന്റെ എല്ലാ ഫലങ്ങളും ഉണ്ടായിരിക്കണം. എന്നാൽ ശുശ്രൂഷകളിൽ വ്യത്യാസം ഉണ്ട്. ഇവിടെ ശുശ്രൂഷകരെ ഒരു ശരീരത്തിന്റെ അവയവങ്ങളെപ്പോലെ പ്രവർത്തനക്ഷമമാക്കുന്നതാണ്

പരിശുദ്ധാത്മസ്നാനം.

പരിശുദ്ധാത്മസ്നാനം പ്രാപിക്കാതെ പിതാവിനു പ്രസാദകരമായ ഒരു ജീവിതം നയിക്കുവാൻ സഭയ്ക്കു സാധിക്കയില്ല. പരിശുദ്ധാത്മ സ്നാനം പ്രാപിക്കുമ്പോൾ സ്നേഹവും, ഒരുമനസ്സും, ഐക്യതയും സമാധാനവും പുറപ്പെടും. പരിശുദ്ധാത്മസ്നാനത്തെ പെന്തെക്കോസ്തു എന്ന ഒരു വാക്കുകൊണ്ട് മാറ്റിനിർത്തുവാൻ പാടില്ല. പരിശുദ്ധാത്മസ്നാനം പ്രാപിക്കാത്തവർക്കു ഒടുവിൽ തീ കൊണ്ടുള്ള സ്നാനം ലഭിക്കും (മത്താ.3:11,12, 13:40-43, യോഹ15:6). യേശു പറഞ്ഞു ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുക്കുവാൻ അറിയുന്നുവെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ എത്രയധികം നൽകും (ലൂക്കൊ.11:13). നമ്മുടെ ജീവിതത്തിൽ പരിശുദ്ധാത്മാവിനായി പിതാവായ ദൈവത്തോട് യാചിച്ചിട്ടുണ്ടോ? യേശുപറയുന്നു. ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ (യോഹ.7:37) ഉയിർത്തെഴുന്നേറ്റ കർത്താവ് വെളിപ്പാട് പുസ്തകത്തിലൂടെ ഇപ്പോഴും വിളിക്കുന്നു ദാഹിക്കുന്നവൻ വരട്ടെ (വെളി:21:17).

വിശപ്പ് നമുക്ക് സഹിക്കുവാൻ കഴിയും. എന്നാൽ ദാഹം സഹിക്കുവാൻ കഴികയില്ല. ദൈവത്തിനു പ്രസാദകരമായ ഒരു ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതിനു നമ്മെ സഹായിക്കുവാൻ പരിശുദ്ധാത്മാവിനെയാണ് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്നത്. അതു നമ്മുടെ ജീവിതത്തിൽ സംഭവിക്കുമ്പോൾ അപ്പൊസ്തലപ്രവർത്തികളുടെ 20-ാം അദ്ധ്യായമായി നമ്മുടെ ജീവിതം രൂപാന്തരപ്പെടും. ○

---

## Crossed Jordan to be with the Lord



**Mr. Sooja Jones**
F. No. 863, 25-03-2018



**Mrs. Nirmala Balsalam**
F. No. 679, 8-4-2018



**Mrs. Shanta Christudas**
F. No. 307, 18-04-2018

**Story** - Senior I[st] Prize

# *"Can a Mother Forget...."*

**Premila Sylum**

A middle class Christian Family was sitting in the living room on a centrally- placed settee set with handmade cotton cushions and hand - embroidered covers with scenes from nature- a flowing brook, coconut trees and ducks and egrets applique - worked on it with bits of clothes left-over from stitching. It was in fact a hard- working family with mother toiling from morning to night, teaching and taking private tuitions with the children assisting in the household chores. The father was an asthma patient and could not hold regular job. They had a grandmother with broken-hip and bedridden and pretty old but her presence made the house lively with relatives visiting to hear her share her deep faith in God. The family lived a very contended life and cherished ideals of Christian vertues. It never pinched their hearts to share their material things, property or time with the needy. Grandmother was an embodiment of love and affection and imparted Christian virtues in the home.

The house was in a fertile land of 50 cents with copius front yard and full of all varieties of fruit bearing trees and flowering plants. There were mango, guava, jackfruit, cutard apple, mulberry, Cashew nut and tamarind trees to name only a few. Flowering plants included Jasmine (the native mullai and kudamullai), different varieties of hybiscus sweet smelling Ganthaka rajan, medicinal shrub called Nanthiar vattam, Cork trees shedding star like flowers almost through out the year, box wood tree laden with white fragrant flowers many times in an year and cherry blossom creeper climbing and flowering over it. Once when our Alfred Achen visited the house with



kochamma, he was awe struck and said it is like the Garden of Eden.

The family always had atleast one dog, one cat, some hens (ducks too) and one time a goat with two kids. Each one of them was treated with love and as part of the family. There was peaceful co-existence and the animals also reciprocated the affection.Once when our grandmother went out in the night to answer the call of nature, tripped over a root and broke her hip, we children were deep asleep in her room. It was our dog "Brownie" who found this out, went and consoled her and came in and woke us up by licking us!.

On this particular evening the sun had set early and the weather was frightening with frequent thunders, lightnings strong wind the force of the wind with small branches breaking and falling. It was altogether a chilly and cold night. The parents and children, also an aunt and uncle were sitting and conversing. It was a happy occasion for it never occured to the elders to discuss bad or disturbing matters, or to talk ill of others in front of the children or rather ever. They always talked respectfully about others and even if they ever joked it was clean and educative. So the children also grew up in a puritan manner and cherished good values, helping others and treated others, whether younger or older with respect.

Suddenly there was a big crashing sound in the backyard. One branch of a big mango tree, which we used to call. "the mango tree close to the house" broke and fell down. And immediately we could hear the cry of a mother squirral, with alarm in her voice, and the Screeching of a little one from the ground. The rain had become drizzling by now and we got up from the cosy living room went to investigate with a torch. It was so dark that we could not locate the little one from the fragments of the fallen nest. After some time we abandoned the search, though the mother was still making alarming cries. When we were searching, the dog "Brownie" also came out but we chased him out lest he harms the little one. But a few minutes after we had settled down after our futile attempts "Brownie"came in with something in its mouth and laid it down gently in front of the family. What did we see? A very tiny squirrel, with no hairs, eyes closed, a little spot of blood from the bruise of fall, but otherwise ok. We praised God for the doggie and took care of the little tiny one. We put her in some medicinal cottonwool, in a palmyra box. We safely placed her in an almyra (big book shelf) the upper portion of a heritage rose wood chest of drawers.

In the moring we were relieved to see the tiny one alive and healthy. Knowing we couldnot look after it, we wanted to return it to her mother if she will accept. We took it out with the box and immediatly she made a cry and the mother gave return cry from far away from some trees in the forest like 'cliff house'compound. So we placed box in a fork -like branch of the same tree from where it had fallen. We came into the house and peeped through a slit in a window, watching -like the sister of Moses after placing baby Moses in the reeds at Nile river. Within minutes the mother came and took her little one in her mouth to the safe keeping of the nest. Hence, I have named this story or rather incident as "can a mother forget...?"

Over the years, winds of misfortunes had swept over this happy family. Of course there were small small winds which the family tided over with Jesus as the anchor and rock of refuge. But a great storm befell when one daughter went away as did the Prodigal son of the Bible, to seek her fortune away from the happy home, lost all that she had to such a situation that she considered quitting from the world itself. But the family as a whole and especially her mothers constant love and prayers lifted her up to face the world and succeed. Now that family lives in the same house, as a shelter for others and for dogs and cats and other living creatures and turning the house and surroundings flowering and fruit yielding. Thus this is again a story of paradise lost to paradise regained.

---

*പേജ് 8-ൽ നിന്നും തുടർച്ച....*

മനസിന്റെയും ആരോഗ്യത്തെ മെച്ചപ്പെടുത്തുന്നു. ബുദ്ധിയുള്ളവരെക്കാൾ അധ്വാനശീലർ വൻ നേട്ടങ്ങൾ കൈവരിക്കുന്നു. വിജയസോപാനങ്ങൾ കയറാൻ സാധാരണ ബുദ്ധി മതിയെങ്കിലും ആ ബുദ്ധി മുഴുവനും കഠിന അധ്വാനത്തിലൂടെ ഉപയോഗിക്കുന്നവരാണ് വിജയിക്കുന്നത്. വീട്ടിലെ കൊച്ചു കൊച്ചു ജോലികൾ– തുണി നനയ്ക്കുക, മുറ്റം വെടിപ്പാക്കുക, തൂക്കുക, തുടക്കുക, പാത്രം കഴുകുക, വലയടിക്കുക, ചെടി നടുക, ചെടിക്ക് വെള്ളം ഒഴിക്കുക തുടങ്ങിയവ ചെയ്യുന്നതിലൂടെ ഭാവിയിൽ ഏതൊരു തൊഴിലും സ്വീകരിക്കാൻ സന്നദ്ധത ലഭിക്കുന്നു. "തൊഴിലാണ് ആരാധന" എന്നായിരുന്നു തോമസ് കാർലയനിന്റെ ആപ്തവാക്യം.

എത്ര തന്നെ പ്രയത്നിച്ചാലും, പ്രതിഫലം തന്നു നമ്മെ സ്വസ്ഥതയിലാക്കുന്നത് ദൈവമാണ് (സങ്കീ. 4:8, 127:2). തന്മൂലം മടിപിടിച്ചിരിക്കുന്നത് ഒട്ടും ഭൂഷണമല്ല. "മടിയാ, ഉറുമ്പിന്റെ അടുക്കൽ ചെല്ലുക; അതിന്റെ വഴികളെ നോക്കി ബുദ്ധി പഠിക്ക" (സദൃശ. 6:6).

**Story - Senior 2nd prize**

# ഉയരത്തിൽ നിന്നുള്ള ഉദയം

ജോഷ് രാജ്

**സാ**യാഹ്നസൂര്യന്റെ കിരണങ്ങൾ കുങ്കുമവർണ്ണം ചാലിച്ച പാതയിലൂടെ സെബാസ്റ്റ്യൻ നടന്നു. ഇരുട്ടുവീഴും മുമ്പെ വീട്ടിലെത്തണം. വനാതിർത്തി കടന്ന് വീട് എന്നതിനാൽ അസമയത്ത് കുടുംബത്തെ തനിച്ചാക്കുന്നത് ആപത്താണ്.

മേലേതിൽ വീട്ടിൽ കുര്യച്ചന്റെ ഭീഷണിസ്വരം വീണ്ടും കാതുകളിൽ മുഴങ്ങുകയാണ്. "ഈ മാസം പതിനെട്ടാം തീയതിക്കകം എന്റെ കാശു തന്നില്ലേൽ തന്നെ എന്നാ ചെയ്യണമെന്ന് എനിക്കറിയാം" മനസ്സിലെ കോപം മുഴുവനും ആ മുഖത്ത് പ്രതിഫലിക്കുന്നുണ്ടായിരുന്നു. ചെരിവു പുരയ്ക്കൽ ശോശാമ്മ, വടക്കേപറമ്പിൽ പൈലി, കല്ലായിപറമ്പിൽ മമ്മദുകുട്ടി. കോലോത്ത് കേശവൻ നായർ..... ദൈവമേ ഇവർക്കെല്ലാം താനിന്ന് കടക്കാരനായിത്തീർന്നല്ലോ. ചിന്തകളുടെ കുത്തൊഴുക്കിനോടൊപ്പം നടന്നു വീട്ടിലെത്തി ലീലാമ്മ കോലായിൽ തന്നെയുണ്ട്. "ലീലാമ്മേ കഞ്ഞിവെള്ളം അനത്തിയതൊണ്ടേൽ ഇച്ചിരി കൊണ്ടുവാ" യാന്ത്രികമായി നാവ് ചലിച്ചു. അവശനായി ചാരുകസേരയിലേക്ക് അയാൾ ചാഞ്ഞിരുന്നു.

പ്രാരാബ്ദങ്ങളുടെ നടുവിലും കുടുംബത്തോടുള്ള കരുതലും സ്നേഹവും മാത്രമാണ് സെബാസ്റ്റ്യന്റെ കൈമുതൽ. അധ്വാനിക്കുവാനുള്ള സന്നദ്ധതയും. എന്നാൽ രോഗിണിയായ ഭാര്യയുടെ ചികിത്സ ചെലവുകളും രണ്ട് കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസ ചെലവുകളും മറ്റ് ജീവിത ചെലവുകളും കൂടി ഒറ്റയ്ക്ക് വഹിക്കാനുള്ള ശേഷി ഇല്ലാതായപ്പോൾ അയാൾക്ക് പല



രിൽ നിന്നും കടം വാങ്ങേണ്ടിവന്നു.

കഞ്ഞിവെള്ളവുമായി ലീലാമ്മ എത്തിയതോടെ മക്കളായ ആനിയും ജോണിയും ഉൾമുറിയിൽ നിന്ന് തുള്ളിച്ചാടിക്കൊണ്ട് കോലായിലേക്ക് വന്നു. "പപ്പാ! എനിക്ക് കംപ്യൂട്ടർ ഗെയിം വാങ്ങിയോ?" "എനിക്ക് കിന്റർ ജോയ് എവിടെ?" "വാങ്ങിയില്ല മക്കളേ" അവരെ സന്തോഷിപ്പിക്കാൻ കഴിയാത്ത വേദനയോടെ അയാൾ തലതാഴ്ത്തിയിരുന്ന് കഞ്ഞിവെള്ളം ഊതികുടിച്ചു.

"പിള്ളേർക്കുപോലും ഒന്നും വാങ്ങികൊടുക്കുവാൻ കഴിയുന്നില്ല. നാളെ പൈലിച്ചന്റെ കാശ് കൊടുക്കണം ഇന്നുവരെ അവതാ പറഞ്ഞതാ. ഒരു മാർഗ്ഗവും കാണുന്നില്ലല്ലോ കർത്താവേ, രൂപാ പതിനായിരമാ കൊടുക്കാനുള്ളത്. എന്റെ കൈവശമുള്ളത് ആകെ അറുനൂറ് രൂപയാ" ലീലാമ്മ അയാളുടെ ചുമലിൽ തഴുകി.

"ഒക്കെ ശരിയാകും ഇച്ചായാ, നമുക്ക് പ്രാർത്ഥിക്കാം" അവർ അയാളെ സാന്ത്വനിപ്പിക്കാൻ ശ്രമിച്ചു.

നിദ്രാവിഹീനമായ ഒരു രാത്രികൂടി സമാഗതമായി. സെബാസ്റ്റ്യൻ കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു. ഉറക്കം വരുന്നില്ല എഴുന്നേറ്റ് കോലായിലിറങ്ങി ചാരുകസേരയിലിരുന്നു. മേശപ്പുറത്തുനിന്നും പഴയവേദപുസ്തകമെടുത്ത് വായിക്കുവാൻ ആരംഭിച്ചു.

"ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ

മനസ്സു തകർന്നവരെ അവൻ രക്ഷിക്കുന്നു"

ആശ്വസിപ്പിക്കുന്ന തിരുവചനങ്ങൾ ദൃഷ്ടിപഥത്തിലൂടെ മിന്നിമറഞ്ഞു ഒടുവിൽ പുതിയനിയമത്തിലെ ആ വചനത്തിൽ ദൃഷ്ടികളും ചിന്തയും തറഞ്ഞു നിന്നു.

"ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കേണമേ..."

അല്പസമയം ധ്യാനനിമഗ്നനായിരുന്നശേഷം വേദപുസ്തകം മടക്കിവച്ചു. എഴുന്നേറ്റ് കിടക്ക മുറിയിലേക്ക് ചെന്നു. ശാന്തമായി അല്പസമയം കണ്ണടച്ചു കിടന്നപ്പോൾ ചില ഓർമ്മ ചിത്രങ്ങൾ മനോമുകുരത്തിൽ തെളിഞ്ഞു. ഭാര്യയ്ക്ക് അസുഖം ബാധിക്കുന്നതിനുമുമ്പേ കവലമുക്കിലെ പീടികയിലെ സാജനുമായി ഉണ്ടായ വഴക്ക്. ഒടുവിൽ ശാന്തനായി നിന്ന അവനു നേരേയുള്ള തന്റെ ആക്രോശം "ഇനി നിന്റെ കുടുംബം കുളം തോണ്ടിയേച്ചു

മാത്രമേ ഈ സെബാസ്റ്റ്യനു വിശ്രമമുള്ളൂ. ഓർത്തോ"

കാലാപറമ്പിൽ മത്തായിച്ചേട്ടൻ മരിച്ചപ്പോൾ ശവമടക്കിനുള്ള കാശിനായി നിരാലംബനായ മകൻ തോമാ തന്നെ സമീപിച്ചിരുന്നു. അന്ന് ബാധ്യതകളില്ലാതിരുന്ന തനിക്ക് അവനെ സഹായിക്കാൻ കഴിയുമായിരുന്നു. പക്ഷേ ഒരു ചില്ലിക്കാശുപോലും കൊടുക്കാതെ അന്ന് താനവനെ ഇറക്കിവിട്ടു.

പശ്ചാത്താപത്തിന്റെ കണ്ണീർകണങ്ങൾ കവിളിലൂടെ ഒഴുകിയിറങ്ങി. ഒടുവിൽ ചിലതൊക്കെ നിശ്ചയിച്ചുറപ്പിച്ച് അയാൾ തിരിഞ്ഞുകിടന്നു. രാത്രിയുടെ ഏതോ യാമത്തിൽ നിദ്രയുടെ കയങ്ങളിലേക്ക് അയാൾ ആണ്ടുപോയി.

*           *           *           *

പ്രഭാതം വിടർന്നപ്പോൾ സെബാസ്റ്റ്യൻ ഞെട്ടിയുണർന്നു. ഇന്ന് ഞായറാഴ്ചയാണല്ലോ. ദിനചര്യകൾ കഴിച്ച് കുടുംബത്തോടൊന്നിച്ച് നിലയ്ക്കൽക്കുന്നിന്റെ മുകളിലെ പള്ളിയിലേക്ക് തിരിച്ചു. ശരിയായി ആഹാരം കഴിക്കുവാൻ സാധിച്ചിട്ടില്ല. കുന്നുകയറിയപ്പോൾ എല്ലാവർക്കും തളർച്ച അനുഭവപ്പെട്ടു. ആരാധന ആരംഭിച്ചുകഴിഞ്ഞു. "പ്രിയമുള്ളവരേ! നമ്മുടെ ഇടവകാംഗമായ കാലാപറമ്പിൽ തോമസ് മാത്യുവിന്റെ വീട് ഇന്നലെ രാത്രിയിൽ തകർന്നുവീണിരിക്കുകയാണ്. നിങ്ങളിൽ കഴിവുള്ളവർ സാമ്പത്തികവും വ്യക്തിപരവുമായ സഹായങ്ങൾ ചെയ്തുകൊടുക്കുന്നത് കർത്താവിന് പ്രസാദകരമായിരിക്കുമെന്ന് ഞാൻ ആലോചന പറയുന്നു". മൈക്കിൾ അച്ചന്റെ ശബ്ദം സഭാജനങ്ങളെ  കാരുണ്യപ്രവർത്തനങ്ങൾക്ക് സജ്ജമാക്കുവാൻ ഉതകുന്ന തരത്തിലുള്ളതായിരുന്നു.

ആരാധന കഴിഞ്ഞ് സെബാസ്റ്റ്യനും കുടുംബവും വീട്ടിലേക്കു മടങ്ങി. അയാൾ വീട്ടിലെത്തിയയുടൻ തന്റെ പണപ്പെട്ടി തുറന്നു. ഇന്ന് പൈലിച്ചാന് കൊടുക്കാൻ അറുനൂറു രൂപാ അതിൽ അവശേഷിച്ചിരിക്കുന്നു. നിസ്സാഹായതയോടെ അതിൽ നിന്നും നൂറുരൂപ കൈയിലെടുത്തു. പെട്ടിപൂട്ടി കോലായിലേക്കിറങ്ങി. "എടീ, ഞാനൊന്ന് ഇറങ്ങിയേച്ചും വരാം." ലീലാമ്മയുടെ മറുപടിക്കായി കാത്തുനിൽക്കാതെ അയാൾ റോഡിലേക്കിറങ്ങി. കാലാപറമ്പിലെത്തി ആ നൂറുരൂപാ തോമായുടെ കൈയിൽ ഏൽപിച്ചു. "മത്തായിചേട്ടൻ മരിച്ച ദിവസം നിന്നോട് ഞാൻ കാണിച്ച ക്രൂരത എന്നോട് പൊറുക്ക് തോമാ.." ആ വാക്കുകൾ മുഴുമിപ്പിക്കാനാവാതെ  കണ്ണുകൾ നിറഞ്ഞു. കണ്ഠമിടറി. "സാരമില്ല സെബിച്ചാ! ഞാനതൊക്കെ എന്നേ മറന്നു" നന്ദി പറഞ്ഞ് തോമാ

വീട്ടുപടിവാതിൽ വരെ അയാളെ അനുഗമിച്ചു യാത്രയാക്കി. കവലമുക്കിലെത്തിയപ്പോൾ പീടികയിലെ സാജൻ എതിരെ വന്നു. ഇരുവരും പരസ്പരം നോക്കി. സെബാസ്റ്റ്യന്റെ ഇപ്പോഴത്തെ അവസ്ഥ സാജന് അറിയാം. എന്നാൽ അയാളോട് സംസാരിക്കാൻ ജാള്യതമൂലം കഴിഞ്ഞിരുന്നില്ല. "സാജൻ" സെബാസ്റ്റ്യൻ വിളിച്ചു. ചോദ്യഭാവത്തോടെ സാജൻ നിന്നു. സെബാസ്റ്റ്യനെ ഉറ്റുനോക്കി.

"വർഷങ്ങൾക്കു മുമ്പ് നിന്നെ ഞാൻ വെല്ലുവിളിച്ചിട്ടുണ്ട്. വേദനിപ്പിച്ചിട്ടുണ്ട്. ശാപവാക്കുകൾ പറഞ്ഞിട്ടുണ്ട്. അതു നീ... നീ.. എന്നോട് പൊറുക്കണം" കണ്ണുനീർ ധാരധാരയായി ഒഴുകി. സാജൻ സെബാസ്റ്റ്യന്റെ തോളിൽ കൈവച്ചു. "ശ്ശെ! എന്താ സെബിച്ചാ, എന്തായിത്. ഞാനതൊക്കെ അന്നേ മറന്നു. പക്ഷേ നിന്റെ മനോഭാവവും സമീപനവും എന്താണെന്ന് അറിയാമ്മേലാഞ്ഞതുകൊണ്ടാ പിന്നെ നിന്നോട് സംസാരിക്കാത്തത്. ഇപ്പോ നീ എന്നോട് സംസാരിച്ചല്ലോ. എനിക്ക് ഒരു വിരോധവും നിന്നോടില്ല. തന്നെയുമല്ല കഴിയുംവിധം നിന്നെ സഹായിക്കാനും ഞാനൊരുക്കമാണ്". വേനൽമഴ പെയ്തു തോരുമ്പോൾ പുനർജനിക്കുന്ന സൂര്യപ്രഭപോലെ സെബാസ്റ്റ്യന്റെ മുഖം തെളിഞ്ഞു. "നിനക്ക്.... നിനക്ക് എന്നെ സഹായിക്കാൻ കഴിയുമെന്നോ?"

"അതെ! ഞാനിപ്പോൾ പുതിയൊരു ബിസിനസ്സ് ആരംഭിച്ചിട്ടുണ്ട്. കുറേശ്ശേ ലാഭം കിട്ടിത്തുടങ്ങിയ സമയമാണ്. പിന്നെ ഇപ്പോൾ... ഞാൻ ഒറ്റത്തടിയാണല്ലോ. നിന്നെ സഹായിക്കാൻ ഒരു പരിധിവരെ എനിക്ക് കഴിയും..."

അവരുടെ ശത്രുതയുടെ മഞ്ഞുരുകിയതോടെ സെബാസ്റ്റ്യന്റെ ഹൃദയവ്യഥയുടേയും മഞ്ഞുരുകി. സെബാസ്റ്റ്യന്റെ കടബാദ്ധ്യതകൾ തീർക്കുവാൻ വലിയൊരു തുക സാജൻ നൽകി. "കടമായാണ് ഇതു നിനക്ക് തരുന്നതെങ്കിലും നിന്റെ കടം തീർത്ത് സ്വയം പര്യാപ്തത കൈവരിക്കുന്ന സമയത്ത് മാത്രം ഈ തുക എനിക്ക് മടക്കി നൽകിയാൽ മതി..."

വേനൽക്കാലത്തിന് അറുതി വരുത്തിക്കൊണ്ട് കനത്ത കാർമേഘങ്ങൾ ഉരുണ്ടുകൂടി. സാജനോട് യാത്രപറഞ്ഞ് വീട്ടിലേക്ക് മടങ്ങുമ്പോൾ ക്രിസ്മസ് ആരാധന മദ്ധ്യേ മൈക്കിൾ അച്ചൻ പ്രസ്താവിച്ചു കേട്ട ആ തിരുവചനം ഉള്ളിൽ പ്രതിധ്വനിക്കുന്നതായി അയാൾക്കു തോന്നി.

"ആ ആർദ്രകരുണയാൽ ഉയരത്തിൽ നിന്നും ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു".

**Story - Senior 3rd prize**

# "A CHRISTIAN FAMILY- PAST & PRESENT"

**Arun Wilson**

**Briefing about the story**

This story is about a typical Christian Family who are hailing from a strong Christian Background from the Southern Part of Kerala-Trivandrum. This story depicts about the changes that happens in a Christian Family from past to this present era. **"Heavenly Abode**" is the name of the House where this family is staying and here I am going to highlight about some interesting happenings during the Easter Day during the timeline 1960's to 2020's in this family.

Let me first introduce some of the characters or family members present in this short story:

1. **Mathai** – Head of Family
2. **Threasea** – Wife of Mathai
3. **Joseph Mathai** – Elder Son of Mathai & Threasea
4. **Marykutty** – Daughter of Mathai & Threasea
5. **Manju**- Daughter in Law- Wife of Joseph
6. **Thomas** – Son in Law- Husband of Marykutty
7. **Sherin, Merin and Joemon-** Grand Children of Mathai and Threasea.

**Past Scene (1960- 70's Timeline)**

That day was an Easter Day and it was about **5.30 AM** in the morning, **Mathai** got up on hearing the rooster crowing in the morning, and then called **Threasea**, who also woke up, they both praised their Living GOD kneeling down at their bed side for all good things that were happening in their family, and for all their loved ones and dear-ones. Also they prayed to God for getting one more blessed day in their life.

Theresa then went to the Kitchen to start her day for making breakfast and Lunch. Mathai also started his day by feeding the Cows, Rooster, Hens, Ducks, Birds etc., cattle which are grown up by him. He then started collecting some eggs which was laid by Hens and Ducks. Also he collected some milk from the Cows and gave it to Threasea. Then he watered all the flowering plants, coconut and mango trees and other seedlings in their compound which comprised of around 50 cents of land. Altogether we can see a lot of living things in and around this house- Truly a **"Heavenly Abode".**

Then Mathai went to call up their children- **Joseph** and **Marykutty**, who were still sleeping in their bed. When Mathai called them, they both woke up obediently and started to get ready to go to Church. By around 8.00 AM, after having a cup of tea each, they all got ready, took their Holy Bibles, Song Books in their hands and got into their Old Car prayerfully.



Mathai drove the car prayerfully, and they all went to Church happily. They all prayed earnestly to GOD, Sang Songs along with the Choir, Read Holy Bible, Heard Message from Pastor, Took Holy Communion. Afterwards when they came out of the church, they met the pastors of the church, they met their relatives, friends, well wishers, exchanged words of love among their fellow brothers and sisters. They drove back to their home- **"Heavenly Abode".**

They sat together at the dining table and had their breakfast. Marykutty went to kitchen to give a helping hand to her mother who was busy preparing food for Lunch. Since it was Easter day, Mathai took his son, Joseph to Market and they bought fresh Chicken, Beef, Pork, some wine and cake for the Easter Day. They all together prepared for Lunch and Dinner. Then they sat together remembered the love of Christ, who died for us on Cross and rose again on the third day. They spread this love of Christ to their neighbours and their well wishers by giving / sharing a small portion of food they had prepared for the Easter day. That day was a BLESSED DAY for this family.

Everywhere it was 'GOD's LOVE' that was reflected and indeed everyone told in their heart- "Truly Mathai's family is a blessed one...".

But Time has changed everything....Even if the children are taught in the ways of leading the true ways of Christian life, this world where we live in can change any person...

NOW: Present Scene (2010- 2020 Timeline)

"Heavenly Abode"- has changed a lot- renovated and have changed from that old traditional Kerala House (Tiled House) to a modern house (Concrete Building) with two storeys with paved tiles all around the house. Now this house has got a compound wall, some of the portion of land has been sold by Mathai's children- Joseph and Marykutty and now only the

family house and its land where this house still remains. There is no cattle sheds with cows, chickens or ducks inside this compound. No plants or big trees like coconut trees, mango trees are there inside the compound wall. Three big cars are parked in front of the house.

Now on Easter Day, the house seems to be very silent. Mathai, Head of Family is no more; He was taken to Our Lord, Saviour one year back due to bad health and illness at an old age. Now Threasea, who is bed ridden due to old age is looked after by their son, Joseph- Bank Employee and his family- Manju - Beautician, Owner of a Beauty Parlour in City(Joseph's Wife), Sherin (Plus Two Student) and Joemon (5th Standard Student). They are staying in this house. Due to holidays of Good Friday and Easter, Marykutty (Daughter of Mathai & Threasea) and her Family is there at the top floor of the house.

On Easter day, even when it is 7.30 AM, no one has woke up till now for the day. Suddenly a bell sound is heard from one of the mobile phones, Manju who heard this sound, woke up and started shouting at her husband in their mother tongue language- Malayalam- "Edo Manushya!! Onnu Enneekku Manushya, Innu Easter allee...enthengillum undakandee...Ningaludee pengalum aliyanum vannittu ennekku nallu dhivasam aayiii...pani eduthu eduthu entee naduvu odinju..onnu poyiii avaree villikku manushya". On hearing this, Joseph got angry at her and then left the room.

He first went to call their children who were sleeping late during the night watching movies in TV- Sherin and Joemon. They were fast asleep and did not even bothered to get up. He called again and was scolded by his own children- "Pappa- Onnu Poyikkee!! Innu Nyarayichaayittu nammalle onnu urangan pollum viddutilleee...onnu poikkee papa". Joseph tried a lot but in vain went to see Manju, his wife who were busy making breakfast in the Kitchen. She scolded him badly and told him to call his sister and family. Joseph then went to call his brother-in-law and family, who were sleeping on the top portion of the house. Joseph woke up his sister, Marykutty and his brother in law, Thomas, both were Gazetted Officers employed in Central Government Companies. On hearing his brother calling, Marykutty woke up suddenly and went to kitchen to help Manju and Thomas also woke up and started a conversation with Joseph enquiring about the timing of the Holy Service at church on that day. He came to know that apart from the morning Holy Communion service there was an evening service at 4.00 PM. So he asked Joseph whether they can go for the evening service and they can plan for an outing during the morning hours. Joseph agreed

to his plan, since their children were fast asleep and his wife was in a very bad mood, they planned it out to have food from outside even it was a special day. Not only that they can't leave their Mother- Theresa alone in the house, who was bedridden at that time. So she needs to be taken care by someone from their neighbourhood when they go out. She had a home nurse but she had gone home on that day since it was Easter Day.

Here what had happened to this family is that they were possessed by the worldly things like Shopping Malls with movie theatres, restaurants, Money, TV, Mobile Phones etc. - worldly pleasures which DEVIL tempts us now a days in many ways. Manju, who was the mother of two children and was head of the family was running a Beauty Parlour and had no time to pray for her family. She always complained about her Mother in law, who was bed ridden and about her husband, who was busy all the time. No peace was there in this family.

Marykutty and his husband had no problem what so ever financially and were well off in every matter, but they had no time for the living God and there was no family prayer time in their family. They lead a busy life in the city. Their children who were obsessed by several electronic devices like Mobile, TV, LapTop, Ipads etc. had no time to look at the living God and was not guided to have family prayer time, or to attend Sunday School in Church. They were left unattended.

So this all lead the family members to skip the morning 'Holy Communion service' on Easter Day and thereby skip the Breakfast, Lunch and Dinner together in their home and this day was not a blessed one for this family. Just look around us, whether we and our neighbouring families are also facing similar type of situations that we even forget that "JESUS CHRIST" who died for our sins on Cross, rose again on the third again will come again and we have to face that "Judgment Day". Easter Day remembers us how much a Sinner we were in this world.

**Conclusion:** In the beginning we can see that Mathai and Theresa prayed to GOD earnestly and that is why their children were blessed with good Jobs, Children and Family. But now a days, we don't have time to pray to God to repent our sins to our living God- we simply live our life in this world with all the blessings we gain from this world which offers us that DEVIL creates. So how we are going to celebrate the Easter day with our friends and well wishers and spread the LOVE OF GOD among others....So think my dear brothers and sisters in Christ 'IS THIS WHAT WE EXPECT IN A CHRISTIAN FAMILY NOW'???

## *Song of my Heart*

**Ann Sarah Sunil**

Christ is my prize,
And Jesus is my goal,
He is my God
In whom I trust
My wonderful saviour!
In this world of strife
Only pain can it give
Joy in sorrows
Calm in grief
Jesus Christ is all to me.
All eyes are watching;
God is at work
Glory to the Father
Honour to the Son
Praises to the Holy One.

Circle Prayer List May 2018

| Date | F.No. | Name | Address | Ward |
|---|---|---|---|---|
| 1-May-18 | 1785 | Er.Arun Wilson | Meads Lane,Palayam,TVM 34 | LMS Palayam |
| 1-May-18 | 0320 | Mrs.Edith Omana J | Shine Villa,TC 2/3016,PLRA 20,Panachamoodu Lane, Pattom,TVM 4 | Pattom |
| 4-May-18 | 2054 | Mr.Dharma Kumar C | Symphony,Mullippra,Vazhayila,Karakulam P.O,TVM | Ambalamukku |
| 4-May-18 | 1929 | Mr.Paul Thomson Godwin | Godwin Villa,CNRA 60, TC 26/777,Bakery Jn., TVM 1 | Thycaud |
| 8-May-18 | 157 | Mr.Christopher Ross | Kesroch,YMRRA 32,TC 11/1273,Cliff House Road, Nanthencode,TVM 3 | Charachira |
| 8-May-18 | 1124 | Mr.Das Bennet Sylum T | Benivas,TC 11/567-1,NNRA 3,Museum West Lane, Nanthencode,TVM 3 | Nanthencode |
| 11-May-18 | 1564 | Mr.Rajan J M | Raja Nivas, Kattayikonam, TVM 84 | Ulloor |
| 11-May-18 | 1820 | Mr.Vinu Wilfred | Alenya Dei Gracia,TC 9/2421(2),D 37, Sreerangam Lane,TVM 10 | Edapazhanji |
| 15-May-18 | 1590 | Er.Rajendra Kumar | Santhi,TC 15/1540,HNo 26,MP Appan Nagar, Vazhuthacaud,TVM 14 | Vazhuthacaud |
| 15-May-18 | 181 | Prof.Ross Chandran | Pushpita,NCRA 80,TC 11/1139-2,YMR Jn.,Nanthencode,TVM 3 | Charachira |
| 18-May-18 | 1586 | Er.Nina Jesukumar | Shalom,Pattom Kuravankonam Road, TVM 4 | Muttada |
| 18-May-18 | 1112 | Er.Sugatha Singh E S | Blessing,TC 14/1550-2,Forest Office Lane- E77, TVM 14 | LMS Palayam |
| 22-May-18 | 1658 | Mrs.Suvarna Jane | TC 11/312-1,Golden Hut, CNRA 60,Keston Road, TVM 3 | Kowdiar |
| 22-May-18 | 1215 | Mr.Johnsle Tilak | Allieds,TC 26/2012/13, Tutors Lane,Statue,TVM 1 | Statue |
| 29-May-18 | 1701 | Mr.Suresh Devarajan | NNRA-133,Tc 11/985, Nalanda Road,Nanthencode TVM 3 | Nanthencode |
| 29-May-18 | 1262 | CA Chandra Roy P | Roshan,TC 12/21, PHRA 32, Plamoodu-PMG Road, TVM 4 | Pattom |

# പ്രതിവാര ധ്യാനം

### മെയ് 6 ഉയർപ്പിന് ശേഷം 5-ാം ഞായർ
### Christ's Invitation to be an Expression of Mission
### പ്രേക്ഷിതദൗത്യനിർവഹണത്തിനായുള്ള ക്രിസ്തുവിന്റെ വിളി

| | | |
|---|---|---|
| പഴയനിയമം | : | യെഹ. 34:25-31 |
| സങ്കീർത്തനം | : | 47 |
| ലേഖനം | : | 1 പത്രൊ. 2:1-10 |
| സുവിശേഷം | : | യോഹ. 20:19-23 |

### മെയ് 13 ഉയിർപ്പിനുശേഷം 6-ാം ഞായർ
### Waiting upon the Holy Spirit
### പരിശുദ്ധാത്മാവിനായി കാത്തിരിക്കൽ

| | | |
|---|---|---|
| പഴയനിയമം | : | യെശ. 40:25-31 |
| സങ്കീർത്തനം | : | 51 |
| ലേഖനം | : | അ. പ്ര. 1:1-11 |
| സുവിശേഷം | : | ലൂക്കൊ. 24:44-49 |

### മെയ് 20 പെന്തെക്കോസ്തു ഞായർ
### Come Holy Spirit Renew Us
### പരിശുദ്ധാത്മാവേ വന്നു ഞങ്ങളെ പുതുക്കേണമേ

| | | |
|---|---|---|
| പഴയനിയമം | : | യെഹ. 37:1-14 |
| സങ്കീർത്തനം | : | 104:24-35 |
| ലേഖനം | : | അ.പ്ര. 2:1-13 |
| സുവിശേഷം | : | യോഹ. 16:1-11 |

### മെയ് 27 ത്രിത്വഞായർ പെന്തെക്കോസ്തിനുശേഷം 1-ാം ഞായർ
### We Worship the Triune God
### ത്രിയേക ദൈവത്തെ ഞങ്ങൾ ആരാധിക്കുന്നു

| | | |
|---|---|---|
| പഴയനിയമം | : | ഉല്പ. 1:1-28 |
| സങ്കീർത്തനം | : | 2 |
| ലേഖനം | : | 2 കൊരി. 13:11-14 |
| സുവിശേഷം | : | യോഹ. 1:1-18 |

### ജൂൺ 3 പെന്തെക്കോസ്തിനുശേഷം 2-ാം ഞായർ
### Students Sunday Wisdom from above
### ഉയരത്തിലെ ജ്ഞാനം

| | | |
|---|---|---|
| പഴയനിയമം | : | 1 രാജാ. 3:16-28 |
| സങ്കീർത്തനം | : | 119:33-40 |
| ലേഖനം | : | യാക്കോ. 1:1-18 |
| സുവിശേഷം | : | ലൂക്കൊ. 10:21-24 |

## 30th Death Anniversary



*In ever loving memory of*

**Mr. S. L. Jacob**

Thycaud

*who was called to Eternal Glory*

**on 6th May, 1987**

Inserted by

Children, Grand Children

